DIRECTORATE OF COLLEGIATE EDUCATION
12 JUL 2018
* THIRUVANANTHAPURAM *

**കേരള സർക്കാർ**

നം.എഫ്3/414/2017/ഉ.വി.വ.

ഉന്നതവിദ്യാഭ്യാസ (എഫ്) വകുപ്പ്
തിരുവനന്തപുരം,തീയതി: 07.07.2018

030763

പ്രിൻസിപ്പൽ സെക്രട്ടറി

മനോജ് കുമാർ പി,
കേരള കോളേജ് ലൈബ്രേറിയൻസ് അസോസിയേഷൻ ജനറൽ സെക്രട്ടറി & ലൈബ്രേറിയൻ,
എൻ.എ.എസ് കോളേജ്,
കാഞ്ഞങ്ങാട്

സർ ,

വിഷയം - ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് അധ്യാപകർക്ക് ലൈബ്രറി പുസ്തകങ്ങൾ കൈവശം വയ്ക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് നൽകുന്നത് – സംബന്ധിച്ച്

സൂചന - 1.താങ്കളുടെ 09.08.2017 തീയതിയിലെ KCLA/RP/26/2017 നമ്പരായുള്ള നിവേദനം.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കോളേജ് അധ്യാപകർക്ക് ലൈബ്രറി പുസ്തകങ്ങൾ കൈവശം വെയ്ക്കാൻ നിലവിൽ 14 ദിവസവും പിന്നീട് ആവശ്യപ്പെടുന്നുവെങ്കിൽ 7 ദിവസത്തേക്കും കൂടി പുതുക്കി നൽകാറുണ്ട്.ഈ ദിവസങ്ങൾക്കു ശേഷവും പ്രസ്തുത പുസ്തകങ്ങൾ ആവശ്യപെടുന്നുവെങ്കിൽ മറ്റു ഉപഭോക്താക്കൾ ആരും ഇല്ലെങ്കിൽ വീണ്ടും അവ ലഭ്യമാക്കാറുണ്ട്.അധികമായി വരുന്ന ദിവസങ്ങൾക്ക് അവധി ദിവസങ്ങൾ ഒഴിച്ച് ദിനമൊന്നിന് രൂപ 1 വീതം പിഴ ഈടാക്കാറുമുണ്ട്.

ഭൂരിഭാഗം കോളേജുകളിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളിൽ ലൈബ്രറി പ്രധാനമായും വിദ്യാർത്ഥികളുടെ ആവശ്യത്തിലേക്കാണെന്നും,പക്ഷെ ലൈബ്രറിയിലേക്കുള്ള അദ്ധ്യാപകരുടെ സന്ദർശനം NAAC പോലുള്ള ഗ്രേഡിങ്ങുകൾക്ക് പ്രയോജനപ്പെടുമെന്നതിനാൽ അദ്ധ്യാപകർക്ക് പുസ്തകം നൽകുന്നതിലെ നിലവിലെ സ്ഥിതി തുടരാമെന്നാണ് അറിയിച്ചിരിക്കുന്നത്.മാത്രവുമല്ല നിലവിലെ സ്ഥിതി തുടരുകയാണെങ്കിൽ അദ്ധ്യാപകർക്ക് പുസ്തകങ്ങളെക്കുറിച്ചുള്ള വ്യക്തമായ ധാരണ ഉണ്ടാകുന്നതോടെ കൂടുതൽ അറിവ് നേടാൻ കഴിയുമെന്നും അഭിപ്രായപ്പെടുന്നു.ചുരുക്കം ചില കോളേജുകളിൽ നിന്നുള്ള റിപ്പോർട്ടുകളിൽ മാത്രം അദ്ധ്യാപകർക്ക് ഒരു മാസം പുസ്തകം കൈവശം വെയ്ക്കാൻ അനുമതി നല്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു.മേൽ സാഹചര്യത്തിൽ ലൈബ്രറി പുസ്തകങ്ങൾ ഉപയോഗിക്കുന്നതിനുള്ള ഫൈൻ ഈടാക്കി കൊണ്ടുള്ള നിലവിലെ സ്ഥിതി തുടരുകയാണെങ്കിൽ അത് അദ്ധ്യാപകർക്കും

,വിദ്യാർത്ഥികൾക്കും ഒരുപോലെ ഗുണകരമാണെന്ന കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശ അംഗീകരിച്ചു കൊണ്ട് അധ്യാപകർക്ക് ലൈബ്രറി പുസ്തകങ്ങൾ കൈവശം വയ്ക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന താങ്കളുടെ ആവശ്യം പരിഗണനാർഹമല്ലെന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,
**എൽ.കുശലകുമാരി**
**അണ്ടർ സെക്രട്ടറി**
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി

030763

**പകർപ്പ്:ഉന്നത വിദ്യഭ്യാസ (എ) വകുപ്പ്**

മേലെഴുത്ത് നമ്പർ കെ 2/30763/2018/കോ.വി.വ. തീയതി 19/07/2018

സർക്കാർ കത്തിലെ നിർദ്ദേശമനുസരിച്ച് കോളേജ് ലൈബ്രറിയിൽ നിന്നും അദ്ധ്യാപകർക്ക് പുസ്തകം നൽകുമ്പോൾ നിലവിലെ രീതി തുടരാവുന്നതാണ് എന്ന വിവരം അറിയിക്കുന്നു.

ഒപ്പ്/-
ഷീല. പി
സീനിയർ ഫിനാൻസ് ഓഫീസർ

വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്

//അംഗീകാരത്തോടെ//
Prema B
സൂപ്രണ്ട്

വൈ.റ്റി. 19/7/18

gnature valid
tally signed by
YADARSHINI MOHANDAS
e: 2018.07.09 15:07:36 IST
son: Approved